# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11.10.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. കഴിഞ്ഞ 11വർഷം കൊണ്ട് രാജ്യത്തെ കാർഷിക മേഖലയിൽ സമൂലമായ മാറ്റങ്ങൾ കൊണ്ടു വരാനായെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi stated that the past 11 years have brought about a transformational change in the country's agricultural sector.

2. ഇസ്രായേൽ - ഹമാസ് വെടിനിർത്തലിനെ തുടർന്ന് ഗസയിൽ നിന്ന് ഇസ്രായേൽ സൈന്യം പിൻമാറിത്തുടങ്ങി. യു എസ് പ്രസിഡൻറ് നാളെ ഇസ്രായേൽ സന്ദർശിക്കും.

   Following the ceasefire between Israel and Hamas, Israeli forces withdrawing from Gaza. The U.S. President will visit Israel tomorrow.

3. പോളിയോ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് നാളെ രാജ്യത്തുടനീളം പൾസ് പോളിയോ പ്രതിരോധ യജ്ഞത്തിന് തുടക്കമാകും.

   A nationwide Pulse Polio immunization campaign will commence tomorrow, aiming at polio eradication.

4. കൊച്ചി വാട്ടർ മെട്രോയുടെ നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു.

   Chief Minister Pinarayi Vijayan inaugurated two completed terminals of the Kochi Water Metro.

5. വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് കൂറ്റൻ സ്കോർ.
India scores a huge score in the second Test cricket match against the West Indies.

******************************

## PM-AGRI SECTOR SCHEMES (INTRO)

കഴിഞ്ഞ 11വർഷം കൊണ്ട് രാജ്യത്തെ കാർഷിക മേഖലയിൽ സമൂല മാറ്റങ്ങൾ കൊണ്ടു വരാനായതായി പ്രധാനമന്ത്രി നരേന്ദ്രമോദി. കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും ന്യൂഡൽഹിയിൽ തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ രണ്ടു പദ്ധതികളും രാജ്യത്തെ കർഷകരുടെ ഭാവി മാറ്റി മറിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ക്ഷീര ഉത്പാദക രംഗത്ത് ഒന്നാം സ്ഥാനത്തുള്ള ഇന്ത്യ, മത്സ്യോത്പാദക രംഗത്ത് രണ്ടാമതാണ്.

(ഹോൾഡ് വോയിസ്)

കാർഷിക, അനുബന്ധ മേഖലകളിലായി 42,000 കോടി രൂപയിലധികം വരുന്ന വിവിധ പദ്ധതികളാണ് പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചത്. പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജനയിലൂടെ കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിള വൈവിധ്യവൽക്കരണം വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. പയർവർഗ്ഗ സ്വാശ്രയ ദൗത്യത്തിലൂടെ പയർവർഗ്ഗങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തലും, കൃഷി വിസ്തൃതി വർദ്ധിപ്പിക്കലും, മൂല്യ ശൃംഖല ശക്തിപ്പെടുത്തലുമാണ് ലക്ഷ്യമിടുന്നത്.

******************************

## PREZ-GUJARAT (INTRO)

വികസിത ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് സമത്വം, നീതി, ഗോത്രവർഗങ്ങളുടെ അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കേണ്ടത് അനിവാര്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഗുജറാത്തിലെ ജുനഗഢ് ജില്ലയിലെ സിദ്ദി ഗോത്ര വിഭാഗത്തിലെ അംഗങ്ങളുമായി സംവദിക്കുകയായിരുന്നു രാഷ്ട്രപതി. ശാക്തീകരണത്തിനും പുരോഗതിക്കുമുള്ള ഒരു മാർഗമായി വിദ്യാഭ്യാസം പിന്തുടരാൻ ഗോത്ര ജനതയെ പ്രോത്സാഹിപ്പിച്ച ശ്രീമതി മുർമു, സിദ്ദി സമൂഹം 72 ശതമാനത്തിലധികം സാക്ഷരതാ നിരക്ക് കൈവരിച്ചതിൽ സന്തുഷ്ടി പ്രകടിപ്പിച്ചു.
(VOICE)

******************************

## BIHAR-VP VISIT

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ബീഹാറിൽ ഏകദിന സന്ദർശനം നടത്തുന്നു. സന്ദർശനവേളയിൽ, സരൺ ജില്ലയിൽ ലോക്നായക് ജയപ്രകാശ് നാരായണന്റെ ജന്മസ്ഥലമായ സിതാബ് ദിയാരയിൽ, അദ്ദേഹത്തിന്റെ

ജന്മവാർഷിക ദിനമായ ഇന്ന് ഉപരാഷ്ട്രപതി ശ്രദ്ധാഞ്ജലി അർപ്പിക്കും. ലോക് നായക് ജയപ്രകാശ് നാരായണൻ ദേശീയ സ്മാരകത്തിൽ ഉപരാഷ്ട്രപതി പുഷ്പാർച്ചന നടത്തും. ജയപ്രകാശ് നാരായണന്റെ പത്നിയുടെ പേരിലുള്ള പ്രഭാവതി പുസ്തകാലയവും അദ്ദേഹം സന്ദർശിക്കും.

******************************

## ISRAEL-HAMAS CEASEFIRE

ഇസ്രായേൽ-ഹമാസ് യുദ്ധം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ട് യുഎസ് മധ്യസ്ഥതയിലെ കരാർ പ്രകാരം വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതോടെ പതിനായിരക്കണക്കിന് പലസ്തീനികൾ വടക്കൻ ഗാസ മുനമ്പിലേക്ക് മടങ്ങി. ഗാസയുടെ ചില ഭാഗങ്ങളിൽ നിന്ന് ഇസ്രായേൽ സൈന്യം പിൻവാങ്ങിയതായും, ശേഷിക്കുന്ന എല്ലാ ഇസ്രായേലി ബന്ദികളെയും മോചിപ്പിക്കാൻ പലസ്തീൻ സായുധ ഗ്രൂപ്പായ ഹമാസിനനുവദിച്ച 72 മണിക്കൂർ കൗണ്ട്ഡൗൺ ആരംഭിച്ചതായും യുഎസ് പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് പറഞ്ഞു. തിങ്കളാഴ്ചയോടെ ഹമാസ് ശേഷിക്കുന്ന എല്ലാ ബന്ദികളെയും മോചിപ്പിക്കും. മാനുഷിക സഹായങ്ങൾ ഗാസാ മുനമ്പിലേക്ക് എത്തിക്കാൻ കരാർ വ്യവസ്ഥ ചെയ്യുന്നു. ഗാസയിലേക്ക് സഹായം എത്തിക്കാൻ ഇസ്രായേൽ അനുമതി നൽകിയിട്ടുണ്ടെന്നാണ് യുഎൻ നൽകുന്ന വിവരം.

******************************

## TRUMP VISIT ISRAEL & EGYPT

ഇസ്രായേലും ഹമാസും തമ്മിലുള്ള സമാധാന ശ്രമങ്ങളുടെ ഭാഗമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നാളെ ഇസ്രായേലിലും ഈജിപ്റ്റിലും സന്ദർശനം നടത്തും. ട്രംപ് ഇസ്രായേൽ പാർലമെൻറിനെ അഭിസംബോധന ചെയ്യുന്നതിനൊപ്പം കരാറിന്റെ ഭാഗമായി മോചിതരായ ബന്ദികളെ കാണുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

******************************

## UN - US - VENS

രൂക്ഷമാകുന്ന യുഎസ്-വെനിസ്വേല സംഘർഷത്തിൽ ആശങ്ക രേഖപ്പെടുത്തി യുഎൻ രക്ഷാ സമിതി.അന്താരാഷ്ട്ര നിയമങ്ങൾ പാലിച്ചുകൊണ്ട് ചർച്ചകളിലൂടെ പ്രശ്നപരിഹാരം കാണണമെന്ന് ഫ്രാൻസ്,ഡെൻമാർക്ക് തുടങ്ങിയ യുഎസ് സഖ്യകക്ഷികളും ആവശ്യപ്പെട്ടു.അതേസമയം, മയക്കുമരുന്ന് ഭീകരരിൽ നിന്നും രാജ്യത്തെ സംരക്ഷിക്കാനാവശ്യമായ നടപടികളിൽ വിട്ടുവീഴ്ചയ്ക്ക് തയാറല്ലെന്ന് യുഎന്നിലെ യുഎസ് പ്രതിനിധി ജോൺ കെല്ലി വ്യക്തമാക്കി കഴിഞ്ഞ കുറച്ചു ആഴ്ചകളായി മയക്കുമരുന്ന് കടത്ത് ആരോപിച്ചു നിരവധി ബോട്ടുകളെയാണ് യുഎസ് ആക്രമിച്ചത്.

******************************

## PULSE POLIO

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം സംസ്ഥാനത്ത് നാളെ നടക്കും. 5 വയസ്സുവരെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും

പോളിയോ നൽകി യജ്ഞത്തിൽ പങ്കാളികളാകണമെന്ന് മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു.
സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ ഞായറാഴ്ച രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെയും ട്രാൻസിറ്റ് ബൂത്തുകൾ വൈകിട്ട് 8 മണിവരെയും പ്രവർത്തിക്കും.

******************************

## CM - KERALA (INTRO)

കൊച്ചി വാട്ടർ മെട്രോയുടെ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിച്ചു. മട്ടാഞ്ചേരി, വില്ലിംഗ്ടൺ ഐലന്റ് ടെർമിനലുകളാണ് ഉദ്ഘാടനം ചെയ്തത്. 38 കോടി രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്. 2023 ൽ ആരംഭിച്ച കൊച്ചി വാട്ടർ മെട്രോ, ഇതുവരെ അരക്കോടിയിലധികം യാത്രക്കാർ ഉപയോഗിച്ചതായും നാടിൻറെ മുഖഛായ തന്നെ മാറ്റുന്നതിൽ മെട്രോ സർവീസ് നിർണായക പങ്ക് വഹിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.
(VOICE)

******************************

## VP-PM-JAYAPRAKASH TRIBUTE

ലോകനായക് ജയപ്രകാശ് നാരായണിന്റെ ജന്മവാര്ഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും.ജനാധിപത്യ മൂല്യങ്ങൾ,പൗര ശാക്തീകരണം തുടങ്ങിയ ആദർശങ്ങൾ മുറുകെ പിടിച്ച ക്രാന്തദർശിത്വമുള്ള നേതാവായിരുന്നു അദ്ദേഹമെന്ന് ഉപരാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു.
ഇന്ത്യൻ ഭരണഘടനയുടെ സമഗ്രതയെ സംരക്ഷിക്കാനായി ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച വച്ച നേതാവായിരുന്നു ജയ് പ്രകാശ് നാരായണൻ എന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

******************************

## VP PM -NANAJI TRIBUTE

ഭാരതരത്ന നാനാജി ദേശ്മുഖിൻറെ ജന്മവാർഷിക ദിനമായ ഇന്ന് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. നാനാജിയുടെ നിസ്വാർത്ഥ സേവന തത്വങ്ങൾ സത്യസന്ധതയോടും സമർപ്പണത്തോടും കൂടി രാജ്യത്തെ സേവിക്കാൻ പ്രചോദനമാണെന്ന് സമൂഹമാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിൽ ഉരാഷ്ട്രപതി സി പി രാധാകൃഷ്ണൻ കുറിച്ചു.

******************************

## INDIA VS WI- TESTCRIC

വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ ശക്തമായ നിലയിൽ. ഒന്നാം ഇന്നിംഗ്സ് അഞ്ച് വിക്കറ്റിന് 518 റൺസിന് ഇന്ത്യ ഡിക്ലെയർ ചെയ്തു. യശസ്വി ജയ്സ്വാൾ,

ശുഭ്മാൻ ഗിൽ എന്നിവരുടെ സെഞ്ച്വറി മികവിലാണ് ഇന്ത്യ മികച്ച സ്കോറിലെത്തിയത്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ ടെസ്റ്റിൽ ഇന്ത്യക്കായിരുന്നു ജയം.

*****************************

## ICC Womens World Cup

ഐസിസി വനിതാ ലോകകപ്പിൽ ഇന്ന് ഇംഗ്ലണ്ട് ശ്രീലങ്കയെ നേരിടും. ശ്രീലങ്കയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം 3 മണിക്കാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇംഗ്ലണ്ട് ബംഗ്ലാദേശിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ത്യയുടെ അടുത്ത മത്സരം നാളെ വിശാഖപട്ടണത്ത് ഓസ്ട്രേലിയക്കെതിരെയാണ്.

*****************************

## VAISHNAW- NDLS YSK

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹി റെയിൽവേ സ്റ്റേഷൻ സന്ദർശിച്ച് പുതുതായി നിർമ്മിച്ച യാത്രി സുവിധ കേന്ദ്രം പരിശോധിച്ചു. യാത്രക്കാരുടെ സുഗമമായ യാത്രയ്ക്ക് അനുയോജ്യമായാണ് സുവിധ കേന്ദ്രം നിർമ്മിച്ചിട്ടുള്ളതെന്നും സ്റ്റേഷന് ചുറ്റുമുള്ള തിരക്ക് കുറയ്ക്കാനിത് സഹായിക്കുമെന്നും ശ്രീ വൈഷ്ണവ് പറഞ്ഞു. യാത്രക്കാർക്ക് എളുപ്പത്തിൽ ടിക്കറ്റ് വാങ്ങാൻ സൗകര്യമൊരുക്കുന്നതിനായി സ്റ്റേഷനുള്ളിലെ എല്ലാ ടിക്കറ്റിംഗ് കൗണ്ടറുകളും ഈ കേന്ദ്രത്തിലേക്ക് മാറ്റിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

*****************************

## VIKASIT BHARAT BUILDATHON

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025 ന് മറ്റന്നാൾ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി മറ്റന്നാൾ രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം. വിജയികളെ ഡിസംബറിൽ പ്രഖ്യാപിക്കും.

*****************************

## ARMENIA JOINS IUCN

പ്രകൃതിസംരക്ഷണ സംഘടനയായ IUCN ൽ അംഗമായി അർമേനിയ.അബുദബിയിൽ നടന്ന IUCN World Conservation Congress ലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായത്.യൂറോപ്പിനും ഏഷ്യക്കും ഇടയിലായി സ്ഥിതി ചെയ്യുന്ന അര്മേനിയ ജൈവവൈവിധ്യം കൊണ്ട് സമ്പന്നമായ രാജ്യമാണ്

*****************************

## INTERNATIONAL GIRL – CHILD DAY

ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം. പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായാണ് എല്ലാവർഷവും ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാ ദിനമായി ആചരിക്കുന്നത്. പെൺകുട്ടികളുടെ പുരോഗതി ഉറപ്പുവരുത്തുക, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നിവയാണ് ഈ ദിനാചരണം ലക്ഷ്യമിടുന്നത്. പെൺകുട്ടികൾ നയിക്കുന്ന മാറ്റം: '**പ്രതിസന്ധി നേരിടാൻ മുൻനിരയിൽ പെൺകുട്ടികൾ**' എന്നതാണ് ഇത്തവണത്തെ പ്രമേയം.

******************************

**********************

************